# ജാമക്കാരൻ
# JAMAKKARAN

ജാ മ ക്കാ ര ൻ JAMAKKARAN

VOLUME - 9 Reg NO.TNBIL/2016/70171 ISSUE - 2

FEBRUARY - 2025 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)

പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)

(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333



കർത്താവിൻ പ്രിയരേ,

ഈ മാസം മാസിക വഴിയായി നിങ്ങളെ സന്ദർശിക്കുവാൻ സഹായിച്ചതുകൊണ്ട് ദൈവത്തെ സ്തുതിക്കുന്നു.

എന്റെ അസുഖം കാരണമായി ഞാനിപ്പോൾ 24 മണിക്കൂറും വീട്ടിൽ തന്നെ ഇരിക്കുന്നു. അതുകൊണ്ട് നിങ്ങൾ അയയ്ക്കുന്ന പ്രാർത്ഥനാക്കുറിപ്പുകൾക്കുവേണ്ടി പ്രാർത്ഥിക്കാൻ ധാരാളം സമയം എനിക്കുണ്ട്. അതുകൊണ്ട് നിങ്ങളുടെ പ്രാർത്ഥനാക്കുറിപ്പുകളെ എനിക്ക് അയച്ചാൽ തുടർന്ന് പ്രാർത്ഥിക്കാൻ സാധിക്കും.

നിങ്ങൾ അയച്ച എല്ലാ വഴിപാടുകൾക്കും വളരെ നന്ദി.

തുടർന്ന് നിങ്ങൾ എല്ലാവർക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ്**

# FEBRUARY - 2025

# മാനസാന്തരം

ലോകപ്രശസ്തനായ ശാസ്ത്രജ്ഞൻ ആംപിയറോട് ഒരു ശാസ്ത്ര വിദ്യാർത്ഥി ചോദിച്ചു: താങ്കളുടെ ഏറ്റവും വലിയ കണ്ടുപിടിത്തം ഏതാണ്? അദ്ദേഹത്തിന്റെ വിലയേറിയ കണ്ടുപിടിത്തങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ഇപ്പോൾ കേൾക്കാം എന്ന് ആ വിദ്യാർത്ഥി പ്രതീക്ഷിച്ചു. എന്നാൽ ആ വിദ്യാർത്ഥിയെ അത്ഭുത സ്തബ്ധനാക്കി ക്കൊണ്ട് ആംപിയർ മറുപടി പറഞ്ഞു: എന്റെ ഏറ്റവും വലുതും വിലയേറിയതുമായ കണ്ടുപിടിത്തമാണ്–I am a Sinner and I have Salvation through Jesus Christ. **ഞാനൊരു പാപിയാണ്. എനിക്ക് യേശുക്രിസ്തുവിലൂടെ രക്ഷയുണ്ട്.**

യേശുക്രിസ്തുവിലുള്ള സത്യവിശ്വാസത്താൽ മാനസാന്തരപ്പെട്ട് സ്വന്തമാക്കുന്ന ആത്മരക്ഷ ലോകത്തിലെ മറ്റെല്ലാ കണ്ടുപിടിത്തങ്ങളെ ക്കാളും അതിപ്രധാനമെന്ന് അദ്ദേഹം കണ്ടെത്തി. ഈ സുപ്രധാന കണ്ടുപിടിത്തത്തിന്റെ ആദ്യ ഭാഗം **''ഞാൻ പാപിയാണ്''** എന്ന് ഇസ്കര്യോത്ത് യൂദയും കണ്ടുപിടിച്ചു. മത്തായി. 27:4ൽ **ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തിനാൽ പാപം ചെയ്തു എന്നുപറഞ്ഞു.** താൻ പാപിയാണെന്ന് യൂദാ കണ്ടുപിടിച്ചെങ്കിലും തനിക്ക് യേശുവിൽ കൂടെ മാത്രമാണ് രക്ഷയെന്നുള്ള അതിപ്രധാനമായ രണ്ടാമത്തെ ഭാഗം കണ്ടെത്താനാകാതെ ആത്മഹത്യ എന്ന ദുരന്തത്തിലൂടെ നിത്യനാശത്തിലേക്ക് വീണു. ശാസ്ത്രജ്ഞനായ ആംപിയർ കണ്ടെത്തിയ ഈ മഹത് സത്യം നാം കണ്ടെത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ അത് കണ്ടെത്തണം. അത് സാധിതമാകുന്നത് മാനസാന്തരത്തിൽ കൂടി മാത്രമാണ്.

**മാനസാന്തരത്തിന്റെ പ്രാധാന്യം.**

1. നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തു പരസ്യ ശുശ്രൂഷ ആരംഭിച്ചതുതന്നെ മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കാനുള്ള ആഹ്വാനത്തോടെയാണ്. മർക്കൊസ്. 1:15ൽ **"കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ"** എന്നു പറഞ്ഞു. ഇന്ന് ക്രിസ്തീയ സഭകളിലും, സമൂഹത്തിലും, വ്യക്തികളിലും കാണപ്പെടുന്ന സകലപ്രശ്നങ്ങൾക്കും കാരണം മാനസാന്തരമില്ലാത്തതാണ്, മാനസാന്തരപ്പെടാത്ത വിശ്വാസികളാണ്.

2. യേശുക്രിസ്തു വിവരിച്ച ധനവാന്റെയും ലാസറിന്റെയും ഉപമയിൽ ധനവാൻ നരകത്തിൽ പതിച്ചത് മാസാന്തരപ്പെടാത്തതിനാലാണ്. ലൂക്കോസ്. 16:30 വാക്യം വായിക്കുമ്പോൾ മാനസാന്തരപ്പെടാത്ത തുകൊണ്ട് മാത്രമാണ് താൻ ഈ യാതനാസ്ഥലത്ത് ആയിപ്പോയതെന്ന് ധനവാൻ മനസ്സിലാക്കിയതായി കാണുന്നു. നാം ഈ ലോകം വിട്ടുപിരിയും മുമ്പേ മാനസാന്തരപ്പെട്ടിരിക്കണം. ശരി, സമയമുണ്ടല്ലോ, നോക്കാം എന്ന ചിന്ത അരുത്. ഇന്ന് നീ മരിച്ചാൽ.......? ചിന്തിക്കുക.

3. ലോകത്തിലെ വാർത്താമാധ്യമങ്ങൾ നമുക്ക് മുമ്പിൽ അവതരിപ്പിക്കുന്ന വാർത്തകളിൽ ഭൂരിഭാഗവും രണ്ടുതരത്തിൽപ്പെടുന്നു. "മനുഷ്യൻ മനുഷ്യനോട് കാട്ടുന്ന ക്രൂരത", "പ്രകൃതി മനുഷ്യനോട് കാട്ടുന്ന ക്രൂരത" ഇത്തരത്തിലുള്ള രണ്ടു വാർത്തകൾ ശിഷ്യന്മാർ യേശുവിനെ അറിയിക്കുന്നതായി കാണാം (ലൂക്കോ. 13:2-4). പീലാത്തോസ് ചില ഗലീലക്കാരുടെ രക്തം അവരുടെ യാഗവസ്തുക്കളോട് കലർത്തിയത്, ശീലോഹാമിലെ ഗോപുരം വീണ് 18 പേർ മരിച്ചത്. ഈ രണ്ടു വാർത്തകളും ശ്രവിച്ച ശേഷം യേശു മാനസാന്തരത്തെക്കുറിച്ച് അസന്നിഗ്ദ്ധമായി ഇങ്ങനെ പറയുന്നു: **അല്ലല്ലാ മാനസാന്തര പ്പെടാഞ്ഞാൽ നിങ്ങൾ**

**എല്ലാവരും അങ്ങനെതന്നെ** (ഗോപുരം വീണ് 18 പേർ മരിച്ചതുപോലെ) **നശിച്ചുപോകും** (ലൂക്കോസ്. 13:5).

**മനുഷ്യനെ ശങ്കിക്കണം, എന്നാൽ ദൈവത്തെ ഭയപ്പെടണം.** ആരെയാണ് ഭയപ്പെടേണ്ടത് ? എന്തുകൊണ്ട് ഭയപ്പെടണം ? **"ആരെ ഭയപ്പെടണം എന്നു ഞാൻ നിങ്ങൾക്കു കാണിച്ചു തരാം കൊന്നിട്ടു നരകത്തിൽ തള്ളിക്കളവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ"** (ലൂക്കോ. 12:5). ഇവിടെയെല്ലാം തന്നെ മനുഷ്യനോട് മാനസാന്തര പ്പെടുവാനുള്ള ആഹ്വാനമാണ് കാണുന്നത്.

4. യേശു ചെയ്ത അത്ഭുതവീര്യ പ്രവൃത്തികളുടെ ലക്ഷ്യം എന്തായിരുന്നു ? എല്ലാറ്റിന്റെയും ആത്യന്തിക ലക്ഷ്യം താല്കാലിക ഭൗതീക നേട്ടങ്ങളെക്കാൾ മനുഷ്യരുടെ മാനസാന്തരമായിരുന്നു. യേശുവിന്റെ വീര്യപ്രവൃത്തികൾ മിക്കതും നടന്ന കോരസിൻ, കഫർന്നൂം, ബെത് സെയിദ എന്നീ പട്ടണങ്ങളിലെ ജനങ്ങൾ മാനസാന്തരപ്പെടായ്കയാൽ യേശു അവരെ ശാസിച്ചു. മത്തായി. 11:20–24 വരെയുള്ള വാക്യങ്ങളിൽ യേശുവിന്റെ ശാസനയും, മാനസാന്തരപ്പെടാഞ്ഞാൽ ഉണ്ടാവുന്ന ശിക്ഷവിധിയും കാണാം.

5. യേശു അയച്ച ശിഷ്യന്മാരും പുറപ്പെട്ട് മർക്കൊസ്. 6:12ൽ കാണുന്നതുപോലെ **"മാനസാന്തരപ്പെടേണം"** എന്ന് പ്രസംഗിച്ചു.

6. പരിശുദ്ധാത്മാവ് സഭകളോട് ദൂത് അറിയിച്ചപ്പോഴും അതിലെ മുഖ്യമായ ആഹ്വാനം "ആകയാൽ **മാനസാന്തരപ്പെടുക**" എന്നതായിരുന്നു.

വെളിപാട്. 2:5ൽ പറയുന്നു, **"നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നോർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക**" എന്ന്

വെളിപാട്. 2:16ൽ പറയുന്നു, "ആകയാൽ **മാനസാന്തരപ്പെടുക,**

അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വന്ന് എന്റെ വായിലെ വാളുകൊണ്ട് അവരോട് പോരാടും" എന്ന്.

വെളിപാട്. 2:22ൽ പറയുന്നു, ഞാൻ അവളുടെ കിടപ്പിലും അവളുമായി വ്യഭിചരിക്കുന്നവരെ അവളുടെ നടപ്പു വിട്ട് **മാനസാന്തരപ്പെടാതിരുന്നാൽ** വലിയ കഷ്ടതയിലും ആക്കിക്കളയും എന്ന്.

വെളിപാട്. 3:3ൽ പറയുന്നു, **"ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തു. എങ്ങനെ എന്ന് ഓർത്ത് അതു കാത്തുകൊൾകയും, മാനസാന്തരപ്പെടുകയും ചെയ്ക".**

**മാനസാന്തരത്തിന്റെ വിവിധ ഘട്ടങ്ങൾ**

ബൈബിളിനുള്ളിലെ ബൈബിൾ എന്നറിയപ്പെടുന്ന ലൂക്കോസ് എഴുതിയ സുവിശേഷം 15–ാം അദ്ധ്യായത്തിൽ മാനസാന്തരത്തിന്റെ മൂന്ന് ഉപമകൾ കാണുവാൻ കഴിയും. 3 മുതൽ 7 വരെയുള്ള വാകൃങ്ങളിൽ 100 ആടുകളുടെയും 8 മുതൽ 10 വരെയുള്ള വാകൃങ്ങളിൽ 10 ദ്രഹ്മയുടെയും ഉപമകൾ നമുക്കു കാണാം. എന്നാൽ ഇവയിൽ നിന്നും വ്യത്യസ്തമായി 11 മുതൽ 32 വരെയുള്ള വാകൃങ്ങളിൽ അടങ്ങിയിരിക്കുന്ന, നാം ഏവരും തലക്കെട്ട് കൊടുത്തിരിക്കുന്ന, മുടിയനായ പുത്രന്റെ ഉപമയിൽ മാനസാന്തരത്തിന്റെ ശ്രദ്ധേയമായ പ്രധാന ഘട്ടങ്ങൾ കാണുവാൻ കഴിയും.

അപ്പനോട് തന്റെ അവകാശം പിടിച്ചു വാങ്ങി ദൂരദേശത്തുപോയി ധൂർത്തടിച്ച് എല്ലാം നഷ്ടമായപ്പോൾ അവൻ ഒറ്റയ്ക്കായി. ഭക്ഷമില്ല, വസ്ത്രമില്ല, പാർപ്പിടമില്ല, അവസാനം പന്നികളെ മേയ്ക്കുകയാണ്. ആസമയം അവൻ സ്നേഹനിധിയായ തന്റെ അപ്പനെ ഓർക്കുന്നു. തന്റെ തെറ്റുകളെ മനസ്സിലാക്കുന്നു. മാനസാന്തരം പ്രാപിച്ചവനായി മടങ്ങുന്നു. അപ്പൻ എല്ലാം മറന്ന് ആ മകനെ സ്വീകരിക്കുന്നു.

ശരിയായ മാനസാന്തരത്തിന്റെ, സ്വർഗം സന്തോഷിക്കുന്ന മാനസാന്തരത്തിനായി ഏവരും പ്രാപിച്ചിരിക്കേണ്ട 6 തലങ്ങൾ ഒരു ടെക്നിക് ആയി നമുക്ക് മനസ്സിലാക്കാം.

## 1. Realisation തിരിച്ചറിവ്

ലൂക്കോസ്. 15:17, അപ്പോൾ സുബോധം വന്നിട്ട് അവൻ, "എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ച് ശേഷിപ്പിക്കുന്നു. ഞാനോ വിശപ്പുകൊണ്ട് **നശിച്ചു** പോകുന്നു". ദൈവസൃഷ്ടിയുടെ മകുടമായ മനുഷ്യൻ വിശുദ്ധി, ശക്തി, സമാധാനം എന്നീ കാര്യങ്ങളിൽ ആയിരിയ്ക്കേണ്ട അവസ്ഥ. അതായത് പാപത്തിൽ വീഴുന്നതിനു മുമ്പുള്ള ആദാമിന്റെ അവസ്ഥയും, ഇപ്പോൾ മനുഷ്യൻ ആയിരിക്കുന്ന അവസ്ഥയും തമ്മിലുള്ള വ്യത്യാസം. പിതാവിന്റെ ഭവനത്തിൽ തനിക്കുണ്ടായിരുന്ന പുത്രത്വപദവിയും അവിടുത്തെ ദാസന്മാരേക്കാൾ ഹീനമായ ഇപ്പോഴത്തെ അവസ്ഥയും മുടിയനായ പുത്രൻ ആത്മാവിൽ തിരിച്ചറിഞ്ഞ് മാനസാന്തരത്തിന്റെ ആദ്യത്തെ പടി അവൻ പിന്നിടുന്നു. അതെ Realisation അഥവാ തിരിച്ചറിവ്.

## 2. Resolution തീരുമാനം

ലൂക്കോസ്. 15:18, 19. **"ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട് അപ്പാ ഞാൻ സ്വർഗ്ഗത്തോടും, നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിന് ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുത്തനെപോലെ എന്നെ ആക്കേണമേ എന്നു പറയും"**. മനുഷ്യന്റെ മനസ്സിന്റെ തലത്തിലാണ് ഇത് സംഭവിക്കുന്നത്. താൻ ഒരു പാപിയാണെന്നും ആയിരിക്കേണ്ടതായ ശ്രേഷ്ഠപദവിയിൽ നിന്ന് വീണിരിക്കുന്നു എന്നും ആത്മാവ് ഗ്രഹിക്കുമ്പോൾ മനസ്സ് ആ അവസ്ഥയിൽ നിന്നും പൂർണ്ണമോചനം നേടിയേ തീരൂ എന്ന തീരുമാനത്തോടെ മാനസാന്തരത്തിന്റെ രണ്ടാമത്തെ പടിയായ Resolution അഥവാ തീരുമാനം മുടിയനായ പുത്രൻ പിന്നിടുന്നതായി നമുക്ക് കാണാൻ കഴിയുന്നു.

## 3. Return മടങ്ങിവരവ്

ലൂക്കോസ്. 15:20. **''അങ്ങനെ അവൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ പോയി. ദൂരത്ത് നിന്ന് തന്നെ അപ്പൻ അവനെ കണ്ട് മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവന്റെ കഴുത്ത് കെട്ടിപ്പിടിച്ച് അവനെ ചുംബിച്ചും''**. ശാരീരികതലത്തിലാണ് ഇത് സംഭവിക്കുന്നത്. എങ്കിലും ആത്മാവ് സത്യം ആഗ്രഹിക്കുകയും മനസ്സ് രക്ഷനേടാനുള്ള തീരുമാനം എടുക്കുകയും ചെയ്യുമ്പോൾ കാലുകൾ സ്വതവേ ചലിക്കുകയും മടക്കയാത്ര ആരംഭിക്കുകയും ചെയ്യുന്നു. തന്റെ അപ്പനെയും തന്റെ അപ്പന്റെ ഭവനത്തെയും കുറിച്ച് ബോധവാനായ മകൻ തിരിച്ചറിവ് പ്രാപിച്ച അവസ്ഥയിൽ ആയിത്തീരുന്നു. എല്ലാ തെറ്റുകളും ഏറ്റു പറയുന്നതിനും പാപക്ഷമയ്ക്കായി യാചിക്കുന്നതിനും തീരുമാനമെടുക്കുന്നു. ആ മടങ്ങി വരവ് അവനെ എത്തിക്കുന്നത് സ്നേഹനിധിയും, ക്ഷമിക്കുന്നവനും, സഹിക്കുന്നവനും, സ്വീകരിക്കുന്നവനുമായ പിതാവിന്റെ കൈകളിലേക്കായിരുന്നു. ആ പിതാവ് തന്റെ മകനെ ആശ്ലേഷിക്കുന്നു, ചുംബിക്കുന്നു. തിരിച്ചറിവ് പ്രാപിച്ച് തീരുമാനം എടുത്ത് തന്റെ പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങിയ മകൻ മാനസാന്തരത്തിന്റെ അടുത്ത പടി കയറുന്നു.

## 4. Repentance പാപം ഏറ്റുപറഞ്ഞ് അനുതപിക്കുക

ലൂക്കോസ്. 15:21, **മകൻ അവനോട്: "അപ്പാ ഞാൻ സ്വർഗ്ഗത്തോടും, നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്ന് വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല''** എന്നു പറഞ്ഞു. ദൈവസന്നിധിയിലെത്തിയ മനുഷ്യൻ തന്റെ പാപം ഏറ്റ് പറഞ്ഞ് പശ്ചാത്തപിക്കാൻ ദൈവം ആഗ്രഹിക്കുന്നു. പൂർണ്ണ സമർപ്പണം, പൂർണ്ണവിധേയത്വം നമ്മെ അനുഗ്രത്തിന്റെ പാതയിലെത്തിക്കുന്നു. പാപത്തെക്കുറിച്ച് ഭാരപ്പെടുന്ന, പാപം ഏറ്റുപറയുന്ന വ്യക്തികളായി കാണുവാൻ നമ്മെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നു. പാപം ഏറ്റുപറഞ്ഞ്

അനുതപിക്കുന്ന വ്യക്തി മാനസാന്തരത്തിന്റെ ഏറ്റവും അനുഗ്രഹകരമായ അവസ്ഥ ജീവിതത്തിൽ കൈവരിക്കുന്നു.

## 5. Reconcilliation നിരപ്പ് പ്രാപിക്കുക:

ലൂക്കോസ്. 15:21ൽ തന്നെ, നിരപ്പ് പ്രാപിക്കാൻ വേണ്ട കഴിവ് നേടുന്നു. എല്ലാവരോടും ക്ഷമിക്കാൻ, എല്ലാം മറക്കാൻ, എല്ലാവരേയും സ്നേഹിക്കാൻ, സഹായിക്കാൻ, അംഗീകരിക്കാൻ എപ്പോഴും ദൈവമുൻപാകെ ഒരുപടി താഴെ നിന്നു കൊണ്ട് അനുഗ്രഹങ്ങൾ ഒന്നൊന്നായി നേടിയെടുക്കാൻ നിരപ്പ് പ്രാപിച്ച ഒരു ദൈവപൈതലിന് കഴിയുന്നു. അപ്പോൾ മനുഷ്യൻ ആദ്യം ഉണ്ടായിരുന്ന വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുന്ന അവസ്ഥ അനുഭവിച്ചറിയുവാൻ കഴിയും. പാപക്ഷമ നേടി നിരപ്പ് പ്രാപിച്ച് വിശുദ്ധിയിൽ നിലനിൽക്കുമ്പോൾ മനുഷ്യാത്മാവ് സമാധാനാവും സന്തോഷവും അനുഭവിക്കുന്നു. ഈ അനുഭവമാണ് മാനസാന്തരപ്പെട്ട വ്യക്തിയുടെ ജീവിത്തിൽ ശ്രദ്ധേയമായ ഭാഗം.

## 6. Rejoicing ആനന്ദം/സന്തോഷം

ലൂക്കോസ്. 15:24, **"ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു"** എന്നു പറഞ്ഞു; അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി.

ഈ രക്ഷയുടെ ആനന്ദം ഏവരും അനുഭവിച്ചറിയേണ്ട ഒന്നാണ്. നേടിയെടുക്കണം, രുചിച്ചറിയണം, അനുഭവിച്ചറിയണം. സങ്കീർത്തനം. 34:8ൽ പറയുന്നു, **"യഹോവ നല്ലവർ എന്ന് രുചിച്ചറിവിൻ. അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ"** പ്രിയമുള്ളവരെ, ഈ രക്ഷയുടെ സന്തോഷം നിങ്ങൾ അനുഭവിച്ചറിഞ്ഞവരാണോ ? നിങ്ങൾ അത് പ്രാപിക്കുമ്പോൾ, നേടിയെടുക്കുമ്പോൾ, രുചിച്ചറിയുമ്പോൾ, അനുഭവമാക്കി മാറ്റുമ്പോൾ സ്വർഗ്ഗം സന്തോഷിക്കും. എത്ര വലിയ പാപി ആയിക്കൊള്ളട്ടെ,

പാപത്തെ വെറുക്കുകയും എന്നാൽ പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന യേശു നിന്റെ മാനസാന്തരത്തിനായി കാത്തിരിക്കുന്നു.

ലൂക്കോസ്. 15:7ൽ **"അങ്ങനെ തന്നെ മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത 99 നീതിമാൻമാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെ ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും" എന്നു ഞാൻ നിങ്ങളോടു പറയുന്നു** എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ദൈവവചനം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു, നിന്റെ മാനസാന്തരം സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടാക്കും. നീ സന്തോഷത്തിന് കാരണമായിത്തീരും. നീ ഒരു സന്തോഷമായി മാറും.

മാനസാന്തരം എല്ലാ മനുഷ്യർക്കും അത്യന്താപേക്ഷിതമാണ്. കാരണം, സകല മനുഷ്യരും ഒരുപോലെ പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടപ്പെടുത്തിയവരാണ്. 1 യോഹന്നാൻ. 1:8ൽ പറയുന്നു, **നമുക്ക് പാപം ഇല്ലായെന്ന് നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ലാതെയായി** എന്ന്.

മനഃശാസ്ത്രഉപദേശത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഒന്നാണ് നമ്മുടെ ഭാരങ്ങൾ/പ്രയാസങ്ങൾ/പ്രശ്നങ്ങൾ മറ്റൊരു വ്യക്തിയുമായി പങ്കുവെക്കുമ്പോൾ കുറയുന്നു എന്നുള്ളത്. സന്തോഷം മറ്റുള്ളവരുമായി പങ്കുവെയ്ക്കുമ്പോൾ അത് വർദ്ധിക്കുന്നു എന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ദൈവം ദുഃഖത്തെയും സന്തോഷത്തെയും ഈ രീതിയിലാക്കിത്തീർത്തിരിക്കുന്നു എന്നത് പങ്കുവെയ്ക്കുമ്പോൾ, ദുഃഖം കുറയുകയും, സന്തോഷം വർദ്ധിക്കുകയും ചെയ്യും എന്നത് ബൈബിൾ നമ്മെ പഠിപ്പിക്കുന്ന സുവിശേഷമാണ്.

യേശുക്രിസ്തു പ്രസ്താവിച്ചിരിക്കുന്ന 99 നീതിമാന്മാർ യേശുവിന്റെ രക്തത്താൽ നീതീകരണം പ്രാപിച്ച് മാനസാന്തര പ്പെട്ടവരാണ്. ഇപ്രകാരം മാനസാന്തരപ്പെട്ടവരുടെ സമൂഹത്തെയാണ് ഇവിടെ സ്വർഗ്ഗരാജ്യം എന്ന് സൂചിപ്പിച്ചിരിക്കുന്നത്. കാരണം മാനസാന്തരപ്പെട്ടവർ ഭൂമിയിൽ

വസിക്കുമ്പോഴും ദൈവരാജ്യ അനുഭവത്തിൽ വസിക്കുന്നു. അവർ നിയന്ത്രിക്കപ്പെടുന്നതും ഭരിക്കപ്പെടുന്നതും ക്രിസ്തുവിനാലാണ്. മാനസാന്തരത്തിന്റെ അവസാനഘട്ടത്തിലെ സന്തോഷം അതുവരെ മനുഷ്യർ അനുഭവിച്ചിട്ടുള്ള സന്തോഷത്തിൽ വെച്ച് ഏറ്റവും വലുതാണെങ്കിലും അത് യഥാർത്ഥ ദൈവരാജ്യത്തിലെ സന്തോഷത്തിന്റെ ആരംഭമത്രെ. ലൂക്കോസ്. 15:24ന്റെ അവസാനഭാഗത്ത് **അങ്ങനെഅവർ ആനന്ദിച്ചു തുടങ്ങി.** എന്ന് എഴുതിയിരിക്കുന്നു. ഈ സന്തോഷം എപ്പോഴും വർദ്ധിക്കുന്നതും മരണാനന്തരം പൂർണ്ണതപ്രാപിക്കുന്നതും നിത്യമായി തുടരുന്നതുമത്രെ. വിശുദ്ധ യോഹന്നാൻ തന്റെ വിലപ്പെട്ട ലേഖനങ്ങൽ എഴുതിയതിന്റെ ഉദ്ദേശ്യം, 1 യോഹന്നാൻ. 1:4ൽ പറയുന്നത്, നമ്മുടെ **സന്തോഷം പൂർണ്ണമാകുവാൻ** ഞങ്ങൾ ഇത് നിങ്ങൾ എഴുതുന്നു എന്നാണ്.

മാനസാന്തരപ്പെട്ട ഒരു വ്യക്തി തന്റെ പാപക്ഷമയുടെയും തുടർന്ന് നേടിയ അനുഗ്രഹത്തിന്റെയും അനുഭവങ്ങൾ തന്റെ പ്രസംഗ ത്തിലൂടെയോ, സാക്ഷ്യത്തിലൂടെയോ, പ്രാർത്ഥനയിലൂടെയോ, എഴുത്തിലൂടെയോ പങ്കുവെച്ച്, പാപിയായ ഒരു വ്യക്തി മാനസാന്തരപ്പെട്ട് ആത്മീകസന്തോഷത്തിലേക്ക് പ്രവേശിച്ച് ആനന്ദിക്കുന്നതു കാണുമ്പോഴുണ്ടാകുന്ന സന്തോഷം അതാണ് സ്വർഗ്ഗരാജ്യ ത്തിലുണ്ടാകുന്ന അധിക സന്തോഷം. ഈ അധിക സന്തോഷമാണ് നമ്മുടെ പ്രശ്നങ്ങൾക്കിടയിലും മറ്റുള്ളവരുടെ എതിർപ്പിനിടയിലും സുവിശേഷം അറിയിപ്പാൻ ദൈവജനത്തെ പ്രേരിപ്പിക്കുന്നത്. കാരണം  അനുഭവിച്ചറിഞ്ഞ വ്യക്തികൾക്കറിയാം യേശുക്രിസ്തുവിലൂടെ മാത്രമേ പാപമോചനമുള്ളൂ, രക്ഷയുള്ളൂ. ആ സത്യമാണ്. ദൈവവചനം അസന്നിഗ്ദ്ധമായ ഭാഷയിൽ നമ്മെ പഠിപ്പിക്കുന്നത്. അപ്പൊ. പ്ര. 4:12ൽ പറയുന്നത്. **നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിനു കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല** എന്നാണ്.

പ്രിയമുള്ളവരെ, മനുഷ്യാത്മാവ് യഥാർത്ഥത്തിൽ ആനന്ദിച്ചു തുടങ്ങുന്ന ഈ ശ്രേഷ്ഠമായ മാനസാന്തരത്തിലേയ്ക്കും സത്യവിശ്വാസത്തിലേക്കും നിത്യരക്ഷയിലേക്ക് ദൈവം നിങ്ങളെ ഏവരേയും നയിക്കുമാറാകട്ടെ. ആമേൻ!!!

## അഡ്രസ് ലിസ്റ്റ് നവീകരിക്കൽ

**(Jamakaran)** കാവൽക്കാരൻ മാസിക വായനക്കാരുടെ വിലാസങ്ങൾ ലിസ്റ്റ് ചെയ്ത് വരുന്നു. മാസിക വേണം എന്നാവശ്യപ്പെട്ടവരുടെ കത്ത് വച്ചാണ് ലിസ്റ്റ് തയ്യാറാക്കുന്നത്.

പഴയ വായനക്കാരെ ഞങ്ങൾ മറന്നിട്ടില്ല. രണ്ട് തവണ കാവൽക്കാരൻ മാസികയിൽ അറിയിപ്പ് നൽകിയിട്ടും പ്രത്യേകം കത്തുകൾ അയച്ചിട്ടും പലരും ശ്രദ്ധിക്കാതെ വളരെ വൈകി പലർ ഇപ്പോൾ മാസിക വേണം എന്നാവശ്യപ്പെട്ട് കത്തുകൾ അയയ്ക്കുന്നു. അവരെ പുതിയ ലിസ്റ്റിൽ ചേർത്ത് മാസിക അയച്ച് വരുന്നു.

ആർക്കെങ്കിലും മാസിക വേണമെങ്കിൽ ഉടൻ ഞങ്ങൾക്കെഴുതുക.

ഞങ്ങളുടെ മാസികാ കുടുംബത്തിൽ നിങ്ങളെ ചേർക്കുന്നതിൽ ഞങ്ങൾക്ക് ഏറെ സന്തോഷം. ഞങ്ങളുടെ പ്രാർത്ഥനകൾ നിങ്ങൾക്കുണ്ടാവും.

ഞങ്ങളാവശ്യപ്പെട്ടതനുസരിച്ച് അഡ്രസ്സ് അയച്ചു തന്ന് സഹകരിച്ച ഏവർക്കും നന്ദി.

## PDF ൽ ജാമക്കാരൻ മാസിക

ധാരാളം പേരുടെ ആവശ്യപ്രകാരം, ജാമക്കാരൻ മുഴുവനും ഫോട്ടോ സഹിതം, ജഉഎ വഴിയായി അയക്കുവാനുള്ള സംവിധാനം ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ ഇ–മെയിൽ ഐ.ഡി അയച്ചുതന്നാൽ മാസിക മുഴുവനും അതുവഴി ലഭ്യമാക്കുന്നതാണ്. നിങ്ങൾ ഇ–മെയിൽ വഴി ഇത് ആവശ്യപ്പെട്ടാൽ, നിങ്ങളുടെ ഇ–മെയിൽ ഐ.ഡിയേ ഞങ്ങൾ പി.ഡി.എഫ് ലിസ്റ്റിൽ ചേർക്കുന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പും ബൈബിൾ സംശയങ്ങളും കുടുംബ പ്രശ്നങ്ങൾക്കായുള്ള ആലോചനകളും കത്തുവഴിയായോ, ഇ–മെയിൽ മുഖാന്തിരമോ അയക്കുമെങ്കിൽ പ്രാർത്ഥിച്ചു ഞാൻ മറുപിട അയക്കുന്നതായിരിക്കും.

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**
SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)
IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**
SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

## ഭയത്തിൽ ജീവിക്കുന്ന ക്രിസ്ത്യാനികൾ

മഹാരാഷ്ട്രയിലുള്ള ക്രിസ്ത്യാനികൾക്ക് തങ്ങളുടെ സഭക്ക് എതിരായി തുടർച്ചയായി ആക്രമണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന് അറിയുന്നു. മതമാറ്റനിരോധന ബിൽ വന്നശേഷം വളരെ ഭയത്തിലാണ് ക്രിസ്ത്യാനികൾ ഇവിടെ ജീവിക്കുന്നത്. വളരെ ദൂരത്തിലുള്ള 14 ഗ്രാമങ്ങളിൽ ഉള്ള ക്രിസ്ത്യാനികൾ ആക്രമിക്കപ്പെട്ടു. അടുത്തുള്ള പട്ടണങ്ങളിൽ താമസിക്കുന്ന ക്രിസ്ത്യാനികൾ തങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഭയത്തോടെ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. ഹിന്ദുമതക്കാരെ മതം മാറ്റം ചെയ്യാൻ ശ്രമിക്കുന്ന ഏതൊരു ക്രിസ്ത്യാനിയേയും കൊല്ലുവാൻ പണം സമ്മാനമായി ഒരു

പ്രഖ്യാപിച്ചു എന്നുള്ളത് അവിടെയുള്ള ക്രിസ്ത്യാനികളെ അധികം പേടിപ്പിക്കുന്നു. അതേദിവസം സംസ്ഥാന മുഖ്യമന്ത്രി പട്ടിക ജാതിക്കാർ മതം മാറിയാൽ ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ നഷ്ടപ്പെടും എന്നു പ്രഖ്യാപിച്ചത് കൂടുതൽ ഭയം വർദ്ധിപ്പിച്ചു.

**ക്രിസ്ത്യൻ ടുഡെ.**

**FEBRUARY-2025**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.